3743

1886/13

നം.എൻ.എം.(3)/56188/13/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 06.09.13

## സർക്കുലർ

വിഷയം : ഉച്ചഭക്ഷണ പരിപാടി - 2013 ഓണം സ്പെഷ്യൽ അരി വിതരണം - ഇൻഡന്റ് പാസ്സാക്കി നൽകുന്നത് - സംബന്ധിച്ച്

സൂചന : 1) സർക്കാർ കത്ത് നം.1762/വി.ഐ.പി./13/എം(ഇ.ഡി.എൻ) തീയതി ; 25.07.13.

2) സർക്കാർ കത്ത് നം.46056/ഡി1/2013/പൊ.വി. തീയതി : 03.08.13

* * * *

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് 2013-ലെ ഓണത്തിന് 5 കിലോ സ്പെഷ്യൽ അരി വിതരണം ചെയ്യാൻ സൂചന 1, 2 പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ അരി വിതരണത്തിനാവശ്യമായ അരി എഫ്.സി.ഐ. യിൽ നിന്നും വാങ്ങുന്നതിനും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും 5 കിലോ സ്പെഷ്യൽ അരിയുടെ ഇൻഡന്റ് അടിയന്തിരമായി പാസ്സാക്കി നൽകേണ്ടതും, പ്രധാനാദ്ധ്യാപകർ ഈ മാസം 12, 13 തീയതികളിൽ അർഹരായ എല്ലാ കുട്ടികൾക്കും 5 കിലോ വീതം സ്പെഷ്യൽ അരി വിതരണം ചെയ്യേണ്ടതുമാണ്.

സ്പെഷ്യൽ അരി വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) വിതരണം ചെയ്ത സ്പെഷ്യൽ അരിയുടെ കണക്ക് പ്രധാനാദ്ധ്യാപകർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും, പി.ടി.എ. പ്രസിഡന്റിനേയും അറിയിക്കേണ്ടതാണ്.

2) സ്പെഷ്യൽ അരി വിതരണത്തിന്റെ ജില്ലയിലെ മേൽനോട്ട ചുമതല ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും.

സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ സ്ഥലപരിമിതി ഉള്ളതുമൂലം എത്രയും വേഗം സ്പെഷ്യൽ അരി ഏറ്റെടുത്ത് വിതരണം ചെയ്യുവാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

സ്കൂളുകൾവഴി വിതരണം ചെയ്ത അരിയുടെ കണക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും** (12.09.13-ൽ നടക്കുന്ന വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ യോഗത്തിൽ അവരവരുടെ ജില്ലകളിലെ സ്പെഷ്യൽ അരി വിതരണം സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്).

എല്ലാ പ്രധാനാദ്ധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)